# പുതിയ വഴി തുറക്കുന്ന ദൈവം

ജിന്റോ മാത്യു

സ്വന്തം ശക്തികൊണ്ട് കാര്യങ്ങൾ നടത്തുവാനും പ്രതിസന്ധികളെ അതിജീവിക്കുവാനും ശ്രമിക്കുന്നതാണ് മനുഷ്യജീവിതത്തിലെ ഒട്ടുമിക്ക തളർച്ചകൾക്കും കാരണം. വിജയം എന്നും ദൈവത്തിന്റെ കൂടെ നില്ക്കുന്നവർക്കായിരിക്കും. മനുഷ്യർക്ക് വഴികളില്ലാത്തിടത്ത് പുതുവഴികൾ തുറക്കുവാൻ ദൈവത്തിന് സാധിക്കും.

ഒരു വസ്തുവിനെ കാണണമെങ്കിൽ നമുക്ക് കാഴ്ച വേണം. അതിനെക്കാൾ പ്രധാനപ്പെട്ടതാണ് പ്രകാശമുണ്ടാകണം എന്നുള്ളത്. നമ്മുടെ കഴിവുകൾ കാഴ്ചശക്തി പോലെയാണ്. ദൈവമാകുന്ന പ്രകാശമില്ലെങ്കിൽ, എത്ര കഴിവുണ്ടെങ്കിലും അന്ധർക്ക് തുല്യരാകും നാം. ദൈവത്തെ കൂടാതെ ജീവിതപ്രശ്നങ്ങളെ അതിജീവിക്കുവാൻ ശ്രമിക്കുന്നവർ പ്രകാശമില്ലാത്തിടത്ത് തിരയുന്ന കാഴ്ചയുള്ള മനുഷ്യരെപ്പോലെയാണ്. ഒത്തിരി അധ്വാനിച്ചിട്ടും പുരോഗതി ലഭിക്കാത്തത് നാം ദൈവത്തെകൂടാതെ അധ്വാനിക്കുന്നതുകൊണ്ടാവാം. ദൈവത്തിലേക്ക് മുഖമുയർത്തുന്നവർക്ക് ലഭിക്കുന്ന പ്രകാശം പാതകൾ തെളിച്ചുതരികയും ചെയ്യും. ഈശോ പറഞ്ഞു ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും. (യോഹ. 8 12).

ജീവിതത്തിൽ പരാജയം തുറിച്ചു നോക്കുമ്പോൾ ചിന്തിക്കുക - എന്തെങ്കിലും വഴി കാണാതിരിക്കില്ല. അത്രയെങ്കിലും ചിന്തിക്കാനായാൽ പ്രത്യാശയോടെ നമുക്ക് മുന്നേറാനാകും. മാനുഷികമായി ചിന്തിക്കുമ്പോൾ വഴികളൊന്നും കാണാനില്ല എന്നത് സത്യമായിരിക്കും. അതുകൊണ്ട് തന്നെയാണ് നാം തളർന്നുപോകുന്നതും. നമ്മെക്കാൾ നന്നായി കാര്യങ്ങൾ അറിയുവാനും ചെയ്യുവാനും കഴിയുന്നൊരാൾ നമുക്ക് സഹായമായുണ്ട്. അവിടുത്തെ കണ്ണുകൾ സൂര്യനെക്കാൾ പതിനായിരം മടങ്ങ് ശക്തിയുള്ളതാണ്.

ചെങ്കടലിനു മുൻപിൽ ഇസ്രായേൽ പകച്ചു നിന്നു. പിന്നിൽ ശത്രു സൈന്യവും മുന്നിൽ ചെങ്കടലും. നിറഞ്ഞൊഴുകുന്ന നദിക്കു മുമ്പിൽ നില്ക്കുമ്പോൾ കടക്കാൻ വഴിയില്ല എന്നതുതന്നെയാണ് മാനുഷിക ബുദ്ധിയിൽ സത്യം. പക്ഷേ, അതിനു മധ്യത്തിലൂടെയുള്ളഒരു വഴിയെക്കുറിച്ച് ഇസ്രായേലിൽ ആരും ചിന്തിച്ചില്ല. ആർക്കും അങ്ങനെ ചിന്തിക്കാനാകുമില്ല. എന്നാൽ, ദൈവം ആ വഴി കണ്ടു. അതെ, ചെങ്കടലിൽ ഒരു വഴിയുണ്ടെന്ന് യഹോവയ്ക്ക് മാത്രമേ അറിയൂ. ഇസ്രായേലിലെ പതിനായിരങ്ങൾക്കും നേതാവായ മോശയ്ക്കും ആ വഴിയെക്കുറിച്ച് നിശ്ചയമുണ്ടായിരുന്നില്ല.

ജീവിതത്തിൽ എല്ലാ വഴികളും അടയുമ്പോൾ നാം പറയുന്നതിങ്ങനെയാണ്. ഇനിയെന്തു ചെയ്യാൻ. ഇനി ഒന്നും ചെയ്യാനില്ലെന്ന് നമുക്ക് മനസിലാകുന്നിടത്താണ് വിശ്വാസം ഉണരേണ്ടത്. വഴികൾ മുമ്പിലുള്ളപ്പോൾ ആരും വിശ്വാസിയാകുന്നില്ല. എല്ലാ വഴികളും അടയുമ്പോഴാണ് നമ്മിൽ വിശ്വാസം അവശേഷിച്ചിട്ടുണ്ടോ എന്ന് നാമറിയുന്നത്. ദൈവത്തിന് മാത്രം ചെയ്യുവാൻ കഴിയുന്ന ചില കാര്യങ്ങളുണ്ടെന്ന് മനസിലാക്കണമെന്നും അവിടുത്തെ ആശ്രയിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു.

(കടപ്പാട്. ശാലോം)